REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 02-02-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- കേന്ദ്രബജറ്റിനോട് കേരളത്തിൽ സമ്മിശ്ര പ്രതികരണം. ബജറ്റിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി കേരളം മാറിയെന്ന് BJP. കേരളത്തെ ബജറ്റ് പാടെ അവഗണിച്ചെന്ന് ഇടത് നേതാക്കൾ.
- വഖഫ് ഭേദഗതി ബില്ലിൽ സംയുക്ത പാർലമെന്ററി സമിതിയുടെ റിപ്പോർട്ട് നാളെ ലോക്സഭയിൽ.
- ഓരോ പ്രദേശത്തും അവിടേയ്ക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി P. പ്രസാദ്.
- മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ ഒമ്പത് മെഡലുകളുമായി കേരളം ഏഴാം സ്ഥാനത്ത്.
- ICC അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ, ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

## വാർത്തകൾ വിശദമായി

കേന്ദ്രബജറ്റിനോട് കേരളത്തിൽ സമ്മിശ്ര പ്രതികരണം. ബജറ്റ് നിർദ്ദേശങ്ങൾ മധ്യവർഗ്ഗത്തിന് ആശ്വാസം പകരുമെന്നും ബജറ്റിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി കേരളം മാറുമെന്നും BJP നേതാക്കൾ അഭിപ്രായപ്പെട്ടു. എന്നാൽ കേരളത്തെ ബജറ്റ് പാടെ അവഗണിച്ചുവെന്ന് ഇടത് നേതാക്കൾ കുറ്റപ്പെടുത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).....

12 ലക്ഷം രൂപയുടെ വരെ വാർഷിക വരുമാനത്തിന് ആദായനികുതി നൽകേണ്ടതില്ലെന്ന ബജറ്റ്നിർദ്ദേശം മധ്യവർഗ്ഗത്തിന് വളരെ ആശ്വാസം നൽകുന്നതാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ വിലയിരുത്തി. കഴിഞ്ഞ പത്തു വർഷം കൊണ്ട് 25 കോടി ജനങ്ങളെ പട്ടിണിയിൽ നിന്ന് മോചിപ്പിക്കുകയും, അവരിൽ നല്ലൊരു ശതമാനവും മധ്യവർഗ്ഗത്തിലേക്ക് ഉയർന്നതായും അദ്ദേഹം പറഞ്ഞു. കാർഷിക- മത്സ്യബന്ധന - അടിസ്ഥാന സൗകര്യ വികസന മേഖലകളിലെ നിർദ്ദേശങ്ങൾ രാജ്യത്തെ വളരെ വേഗം വികസനത്തിലേക്ക് നയിക്കുമെന്നും ജോർജ് കുര്യൻ തിരുവനന്തപുരത്ത് പറഞ്ഞു.

കേന്ദ്രബജറ്റിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി കേരളം മാറിയെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. സ്ത്രീകൾക്കും കർഷകർക്കും യുവാക്കൾക്കും ഇത്രയേറെ ആനുകൂല്യങ്ങൾ നൽകിയ മറ്റൊരു ബജറ്റ് ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. ബജറ്റിൽ കേരളത്തെ അവഗണിച്ചെന്ന പ്രചാരണം വ്യാജമാണെന്നും അദ്ദേഹം പറഞ്ഞു.

അടിസ്ഥാനവർഗ്ഗത്തിന്റെ ഉന്നമനത്തോടൊപ്പം മധ്യവർഗത്തിന്റെ താൽപര്യങ്ങൾ കൂടി സംരക്ഷിയ്ക്കുന്ന സമഗ്ര ബജറ്റാണ് ഇന്നലെ അവതരിപ്പിച്ചതെന്ന് BJP .സംസ്ഥാന ജനറൽ സെക്രട്ടറി M.T .രമേശും പ്രസ്താവനയിൽ പറഞ്ഞു.

കേന്ദ്രബജറ്റിൽ കേരളത്തെ പാടെ അവഗണിച്ചതായി CPIM സംസ്ഥാന സെക്രട്ടേറിയറ്റ് കുറ്റപ്പെടുത്തി. വയനാട് പുനരധിവാസം, വിഴിഞ്ഞം പദ്ധതി എന്നിവ കണക്കിലെടുത്ത് 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടെങ്കിലും ബജറ്റിൽ അതേപ്പറ്റി ഒരു പരാമർശവുമില്ലെന്ന് സെക്രട്ടേറിയറ്റ് വിലയിരുത്തി. കടമെടുപ്പ് പരിധി ഉയർത്തണമെന്നും, റബറും, നെല്ലുമടക്കം കാർഷിക മേഖലയ്ക്ക് അടിയന്തര സഹായം എന്നാവശ്യവും ബജറ്റിൽ പരിഗണിച്ചിട്ടില്ലെന്നും സെക്രട്ടേറിയറ്റ് ആരോപിച്ചു.

✪✪✪

എയിംസ് അടക്കം കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങൾ ബജറ്റിൽ അനുവദിക്കാത്തത് പ്രതിഷേധാർഹമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയോട് കടുത്ത

അവഗണനയാണ് ഈ ബജറ്റിലും ഉണ്ടായിരിക്കുന്നതെന്ന് അവർ വിലയിരുത്തി.

✪✪✪

തൊഴിൽ മേഖലയിലും തൊഴിലാളികളിലും ആശങ്ക ഉയർത്തുന്ന നിർദ്ദേശങ്ങളാണ് ബജറ്റിലേതെന്ന് മന്ത്രി V ശിവൻകുട്ടി അഭിപ്രായപ്പെട്ടു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം, മുൻ വർഷത്തെപ്പോലെ 86,000 കോടി രൂപയായി നിലനിർത്തിയിരിക്കുകയാണ്. ഇത് തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

ഭിന്നശേഷി സമൂഹത്തെ ഒട്ടും പരിഗണിക്കാത്തതാണ് കേന്ദ്രബജറ്റെന്ന് മന്ത്രി ഡോ. R ബിന്ദു കുറ്റപ്പെടുത്തി. ഭിന്നശേഷി സംഘടനകൾ നീണ്ട കാലമായി ആവശ്യപ്പെടുന്ന ആവശ്യങ്ങളൊന്നും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് അവർ പറഞ്ഞു. ഭിന്നശേഷിക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കാത്ത നടപടിയെയും അവർ വിമർശിച്ചു.

✪✪✪

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് പുരോഗമനപരമായ രൂപരേഖ തയ്യാറാക്കുന്നതാണ് കേന്ദ്ര ബജറ്റെന്ന് മലബാർ ചേംബർ ഓഫ് കൊമേഴ്സ് വിലയിരുത്തി. ബജറ്റിലെ നികുതി പരിഷ്കാരങ്ങൾ, ബിസിനസ് സൗഹൃദ നയങ്ങൾ, തന്ത്രപരമായ നിക്ഷേപങ്ങൾ എന്നിവയെ ചേംബർ സ്വാഗതം ചെയ്തു.

കേന്ദ്ര ബജറ്റ് ഇടത്തര - ചെറുകിട - വ്യാപാര, കർഷക, മേഖലകൾക്കെല്ലാം ഗുണകരമാണെന്ന് മലബാർ ഡെവലപ്പ്മെന്റ് കൗൺസിലും വിലയിരുത്തി.

✪✪✪

ബജറ്റ് ജനവിരുദ്ധവും കേരളവിരുദ്ധവുമാണെന്നാരോപിച്ച് DYFI തിരുവനന്തപുരം ജില്ലാകമ്മിറ്റി GPO യിലേക്ക് ഇന്നലെ വൈകിട്ട് പ്രതിഷേധ മാർച്ച് നടത്തി. ജില്ലാ സെക്രട്ടറി ഡോ. ഷിജുഖാൻ ഉദ്ഘാടനം ചെയ്തു.

✪✪✪

വഖഫ് ഭേദഗതി ബിൽ പരിശോധിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ റിപ്പോർട്ട് നാളെ ലോക്സഭയുടെ മേശപ്പുറത്തു വെയ്ക്കും.

സമിതി ചെയർമാൻ ജഗദംബികപാലും, അംഗം സഞ്ജയ് ജയ്-സ്വാളും ചേർന്നായിരിക്കും റിപ്പോർട്ട് വയ്ക്കുന്നതെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് അറിയിച്ചു. വ്യാഴാഴ്ച തന്നെ സ്പീക്കർ ഓം ബിർളയ്ക്ക് സമിതി റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. NDA അംഗങ്ങൾ നിർദ്ദേശിച്ച 14 ഭേദഗതികളോടു കൂടിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

ഡൽഹിയിലെ എട്ട് ആം ആദ്മി പാർട്ടി MLA മാർ BJP യിൽ ചേർന്നു. ഡൽഹി BJP അധ്യക്ഷൻ വീരേന്ദ്ര സച്ദേവയുടെ സാന്നിധ്യത്തിലായിരുന്നു AAP യിൽ നിന്ന് രാജിവെച്ച എട്ടു പേരും BJP യിൽ അംഗത്വമെടുത്തത്.

✪✪✪

ഓരോ പ്രദേശത്തും അവിടേയ്ക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും "കൃഷി സമൃദ്ധി" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് തൃത്താലയിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

കൃഷി സമൃദ്ധി, സുസ്ഥിര തൃത്താല പദ്ധതികൾക്ക് ആവശ്യമായ തുക കേര പദ്ധതിയിൽ നിന്ന് അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് 107 ഗ്രാമ പഞ്ചായത്തുകളിൽ ആണ് ആദ്യഘട്ടത്തിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പാക്കുന്നത്.

✪✪✪

മലപ്പുറം മഞ്ചേരി ഗവണ്മെന്റ് മെഡിക്കൽ കോളേജിന് കേന്ദ്ര ഗവണ്മെന്റിന്റെ ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചു. മാതൃശിശു പരിചരണത്തിനായി മെഡിക്കൽ കോളേജ് നടത്തിയ ഇടപെടലുകൾക്ക് ലഭിച്ച അംഗീകാരമായി ഇതിനെ കാണുന്നുവെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

അംഗീകാരം ഏറെ അഭിമാനം നൽകുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് മുസ്കാൻ പുരസ്കാരം ലഭിക്കുന്ന മൂന്നാമത്തെ മെഡിക്കൽ കോളേജാണ് മഞ്ചേരിയിലേത്.

✪✪✪

മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ ഒമ്പത് മെഡലുകളുമായി കേരളം ഏഴാം സ്ഥാനത്ത്. അഞ്ച് സ്വർണ്ണവും ഒരു വെള്ളിയും മൂന്ന്

വെങ്കലവുമാണ് കേരളം സ്വന്തമാക്കിയത്. 14 സ്വർണ്ണമുൾപ്പെടെ 26 മെഡലുകളുമായി സർവീസസ് സ്പോർട്സ് കൺട്രോൾ ബോർഡാണ് ഒന്നാമത്.

ഇന്നലെ വുഷുവിൽ K മുഹമ്മദ് ജാസിലും, നീന്തലിൽ സജൻ പ്രകാശും, ഹർഷിതാ ജയറാമുമാണ് കേരളത്തിനായി സ്വർണം നേടിയത്. 200 മീറ്റർ ബട്ടർഫ്ലൈ സ്ട്രോക്ക് വിഭാഗത്തിലാണ് സജൻ പ്രകാശിന്റെ മൂന്നാം സ്വർണം. വനിതാ വിഭാഗത്തിൽ ഹർഷിത ജയറാം 50 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്ക് ഇനത്തിൽ രണ്ടാം സ്വർണം കരസ്ഥമാക്കി.

ഗെയിംസിലെ ഫുട്ബോൾ രണ്ടാം മത്സരത്തിൽ കേരളത്തെ ഡൽഹി തോൽപ്പിച്ചു. മറുപടിയില്ലാത്ത ഒരു ഗോളിനാണ് കേരളത്തിന്റെ തോൽവി.

✪✪✪

ICC അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ഫൈനലിൽ, ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. മലേഷ്യയിലെ ക്വാലാലംപൂരിൽ ബയുമാസ് ഓവലിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12 നാണ് മത്സരം ആരംഭിക്കുന്നത്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം. അഞ്ച് മത്സര പരമ്പര മൂന്ന് ഒന്നിന് ഇതിനകം ഇന്ത്യ സ്വന്തമാക്കിയിട്ടുണ്ട്.

ഇന്ത്യ- ഇംഗ്ലണ്ട് മൂന്ന് ഏകദിന മത്സര പരമ്പര വ്യാഴാഴ്ച തുടങ്ങും. ഈ മാസം 6, 9, 12 തിയതികളിലാണ് മത്സരം.

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യ അത്‌ലറ്റിക് മീറ്റിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ലേണർ സപ്പോർട്ട് സെന്റർ ഓവറോൾ ചാമ്പ്യൻമാരായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലായിരുന്നു മത്സരങ്ങൾ. എറണാകുളം മഹാരാജാസ് കോളേജ് L.S.C, മലപ്പുറം മുണ്ടുപറമ്പ ഗവ. കോളേജ് L.S.C എന്നിവർക്കാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ .

✪✪✪

ISL ഫുട്ബോളിൽ പഞ്ചാബ് FC യ്ക്കും മോഹൻ ബഗാൻ സൂപ്പർ ജയന്റിനും ജയം.

ന്യൂ ഡൽഹിയിൽ ബംഗളുരു FC യെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് പഞ്ചാബ് തോൽപ്പിച്ചത്. കൊൽക്കത്തയിൽ മൊഹമ്മദൻ SC യെ എതിരില്ലാത്ത നാല് ഗോളുകൾക്ക് തോൽപ്പിച്ചാണ് മോഹൻ ബഗാന്റെ ജയം.

ഇന്ന് ജംഷഡ്പൂർ FC, FC ഗോവയെ നേരിടും. വൈകിട്ട് ഏഴരയ്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

ദേശീയ കുഷ്ഠരോഗ നിർമാർജ്ജനത്തിന്റെ ഭാഗമായി രോഗ നിർണയത്തിന് അശ്വമേധം 6.0 ഭവന സന്ദർശന ക്യാമ്പയിൻ കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ

.....(വോയ്സ് .................)

✪✪✪

ട്രയൽറൺ തുടങ്ങി ആറ് മാസത്തിനകം മൂന്ന് ലക്ഷം TEU ചരക്ക് കൈകാര്യം ചെയ്ത് വിഴിഞ്ഞം രാജ്യാന്തര തുറമുഖം ചരിത്രം കുറിച്ചു. 150 കപ്പലുകളാണ് ഇതുവരെ വിഴിഞ്ഞത്ത് ബെർത്ത് ചെയ്തത്. ലോകത്തെ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാവുന്ന അഞ്ച് ചരക്കു കപ്പലുകളും ഇവയിലുൾപ്പെടുന്നു. ജനുവരിയിൽ മാത്രം 45 കപ്പലുകൾ വിഴിഞ്ഞത്തെത്തി.

✪✪✪

മലബാർ ദേവസ്വം ബോർഡ് കമ്മീഷണറായി T.C-ബിജുവിനെ നിയമിച്ചു. കഴിഞ്ഞ എട്ടു മാസമായി കമ്മീഷണറുടെ അധിക ചുമതല അദ്ദേഹത്തിനായിരുന്നു.

✪✪✪

ആഗോള നിലവാരത്തോടെ മികച്ച വിദ്യാഭ്യാസം നാട്ടിൽ ലഭ്യമാക്കാനാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട്ട് ഒഡെപെക് സംഘടിപ്പിച്ച വിദേശ വിദ്യാഭ്യാസ പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ വനിതാ കാൻസർ നിയന്ത്രണ പദ്ധതിയായ ആരോഗ്യം ആനന്ദം -അകറ്റാം അർബുദം പദ്ധതിക്ക് ആലപ്പുഴ ജില്ലയിൽ ചൊവ്വാഴ്ച തുടക്കം കുറിക്കും. സ്ത്രീകളിൽ കൂടുതലായി കാണുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയുടെ ബോധവൽക്കരണവും സ്ക്രീനിങ്ങും ശക്തിപ്പെടുത്തുന്നതിനാണ് ക്യാമ്പെയിൻ നടത്തുന്നത്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: അബ്ദുൽ കബീർ, നിമിഷ ജി*
*DEO: ഷീബ*